A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

506

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

ക്ലാസ്സ് : 5 **അടിസ്ഥാനശാസ്ത്രം** സമയം: 2 മണിക്കൂർ

*നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

## പ്രവർത്തനം 1

നിലവിലുള്ള ഒരു റോഡ് വീതികൂട്ടുന്നതിനുള്ള പ്രവർത്തനം നടക്കുന്നു. വശങ്ങളിലുള്ള വൻമരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള ചർച്ചകളും നടക്കുന്നുണ്ട്. ഈ പ്രദേശത്തെ ആളുകൾ അനുകൂലിച്ചും പ്രതികൂലിച്ചും പ്രതികരിക്കുന്നു.

1. ഈ വൻമരങ്ങൾ മുറിക്കുമ്പോൾ ഉണ്ടാവുന്ന ദോഷങ്ങൾ എന്തെല്ലാം?
2. ഈ പ്രശ്നം പരിഹരിക്കുന്നതിന് നിങ്ങൾക്ക് മുന്നോട്ടു വയ്ക്കാവുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ?

## പ്രവർത്തനം 2

താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

| ലായകം | പഞ്ചസാര | ഉപ്പ് | തുരിശ് | ശർക്കര | കൽക്കണ്ടം | പൊട്ടാസ്യം പെർമാംഗനേറ്റ് | ചക്കപ്പശ/ ചക്കഅരക്ക് | പെയിന്റ് |
|---|---|---|---|---|---|---|---|---|
| വെള്ളം | ✓ | ✓ | ✓ | ✓ | ✓ | ✓ | × | × |
| വെളിച്ചെണ്ണ | × | × | × | × | × | × | ✓ | × |
| മണ്ണെണ്ണ | × | × | × | × | × | × | ✓ | ✓ |

1. ഏതെല്ലാം വസ്തുക്കളുടെ ലായകമായാണ് മണ്ണെണ്ണ ഉപയോഗിക്കാൻ കഴിയുന്നത് ?
2. പട്ടികയിൽ നിന്ന് വെള്ളത്തിന്റെ സവിശേഷത കണ്ടെത്തി എഴുതുക.
3. വസ്തുക്കളെ അലിയിക്കാനുള്ള ദ്രാവകങ്ങളുടെ കഴിവ് പ്രയോജനപ്പെടുത്തുന്ന രണ്ട് സന്ദർഭങ്ങൾ എഴുതുക.

### പ്രവർത്തനം 3

'മത്താൻ വള്ളി ആരോഹിയാണോ ?' സ്കൂൾ പച്ചക്കറിത്തോട്ടം സന്ദർശിച്ച ഒരു കുട്ടിയുടെ സംശയമാണിത്.

1. ഈ സംശയത്തിന് നിങ്ങൾ എന്ത് ഉത്തരം നൽകും ? ന്യായീകരണം നൽകുക.
2. നാല് ആരോഹികളുടെ പേര് എഴുതുക.

### പ്രവർത്തനം 4

ചുവന്നചീരയിൽ ഹരിതകമുണ്ടോ എന്ന് കണ്ടെത്താനായി ലീന ചീരയില വെള്ളത്തിലിട്ട് നന്നായി തിളപ്പിച്ചു. ജലം ചുവന്നനിറമായി.

1. ചുവന്നിരിക്കുന്നുവെങ്കിലും ചീരയ്ക്ക് സ്വന്തമായി ആഹാരം നിർമ്മിക്കാൻ കഴിയുന്നു. എന്തുകൊണ്ട് ?
2. ചീരയിലയിൽ കണ്ട ചുവന്ന വർണവസ്തുവിന്റെ പേരെന്താണ് ?
3. സസ്യങ്ങളിൽ കാണുന്ന മറ്റു വർണ വസ്തുക്കളും അവയുടെ നിറവും രേഖപ്പെടുത്തുക?

### പ്രവർത്തനം 5

അനുവിന്റെ ശാസ്ത്രപുസ്തകത്തിൽ സൂര്യഗ്രഹണം ചിത്രീകരിച്ചിരിക്കുന്നത് പരിശോധിക്കൂ.




- ചിത്രത്തിലെ തെറ്റ് കണ്ടെത്തി എഴുതുക. ശരിയായി ചിത്രീകരിക്കുക.
- സുരക്ഷിതമായ രീതിയിൽ സൂര്യഗ്രഹണം എങ്ങനെ നിരീക്ഷിക്കാം ?

### പ്രവർത്തനം 6

"ജലസ്രോതസ്സുകൾ മലിനമാകുന്നതും ജലക്ഷാമം രൂക്ഷമാകുന്നതും മനുഷ്യന്റെ വിവേക ശൂന്യമായ പ്രവർത്തനങ്ങൾകൊണ്ടാണ്." പ്രസ്താവന പരിശോധിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. നമ്മുടെ നാട്ടിൽ ജലക്ഷാമം രൂക്ഷമാകാനുള്ള കാരണങ്ങൾ എന്തെല്ലാം ?
2. നമ്മുടെ ചുറ്റുപാടുമുള്ള പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ ഏതെല്ലാം ?
3. ജലസ്രോതസ്സുകൾ മലിനമാകുന്നതെങ്ങനെയെല്ലാം ?